# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.23 OCTOBER NO.10





RN.NO.70681\97. POSTAL.L.NO. G.KCH.118 /2009- 2011


## Youth Meeting & Gospel Meeting

കർത്താവിൽ പ്രീയരെ, ദൈവഹിതമായാൽ നവംബർ 1 മുതൽ 3 വരെ ഗുജറാത്തിൽ നമ്മുടെ ഒരു പ്രവർത്തനവുമില്ലാത്ത തപി ജില്ലയിലെ ഗാൽക്കഡി ഗ്രാമത്തിൽ 100-പേരെ പങ്കെടുപ്പിച്ചുകൊണ്ട് യുവജന യോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനോടനുബന്ധിച്ച് രാത്രിയിൽ സുവിശേഷയോഗവും ഉണ്ടായിരിക്കുന്നതാണ്. ബ്രദർ.ഫിലിപ്പ് കുട്ടി- പുനലൂർ. പുനരുത്ഥാനവും ജീവനും, തിരുവത്താഴം.. തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ക്ളാസ്സുകൾ എടുക്കുന്നതും, രാത്രിയോഗത്തിൽ വചനം സംസാരിക്കുന്നതുമാണ്. ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ പ്രവർത്തനമേഖലയാണ് ഈ ഗ്രാമം. ഏകദേശം 120-ൽ അധികം വിശ്വാസികൾ കൂടിവ രുന്ന ഒരു ഗുജറാത്തി സഭയാണിത്. നമ്മുടെ ഉപദേശത്തിനനുസരിച്ച് മുന്നോട്ടുവരുവാൻ ആഗ്രഹം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ ഗ്രാമസഭയെ നമ്മുടെ ഉപദേശത്തിനുസരിച്ച് വചനം പഠിപ്പിക്കുവാനായി തീരുമാനിച്ചത്. ഗാന്ധിധാമിൽ നിന്നും 700 കി.മി.ദൂരെയാണ് ഈ സ്ഥലം. വിശേഷാൽ എല്ലാ ദൈവജനങ്ങളും ഇതിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ. എല്ലാ മഹത്വവും സ്വർഗ്ഗത്തിലെ ദൈവത്തിനു മാത്രം.

**(സൈമൺ പയ്യന്നൂർ)**

## Gujarat Brethren Bible Institute

## Out Reach Work

പ്രീയ പ്രാർത്ഥനാ സ്നേഹികളെ, ദൈവഹിതമായാൽ ജി.ബി.ബി.ഐ യുടെ ഈ ബാച്ചിന്റെ ഗ്രാമങ്ങളിലുള്ള പരസ്യ പ്രവർത്തനം 2012 ജനുവരിയിൽ (രണ്ടാഴ്ച) വെസ്റ്റ് ബംഗാളിൽ നടത്തുവാനായി തീരുമാനിച്ചിരിക്കുന്നു. ജി.ബി.ബി.ഐ യിൽ പഠിച്ച് ഇപ്പോൾ കർത്താവിന്റെ വേലയിലായിരിക്കുന്ന 3 സഹോദരൻമാർ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.


11 വിദ്ധ്യാർത്ഥികളും രണ്ടു സ്റ്റാഫും അടക്കം 13 പേരാണ് ഇവിടെ നിന്നും കടന്നുപോകുന്നത്. 65 ഗ്രാമങ്ങളിൽ പ്രവർത്തനം നടത്തുവാനും 10 രാത്രിയോഗങ്ങൾ നടത്തുവാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിനോടനുബന്ധിച്ചുള്ള ആവശ്യങ്ങൾ സ്വർഗ്ഗത്തിലെ ദൈവം തന്റെ ജനങ്ങളിലൂടെ നിറവേററിത്തരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജി.ബി.ബി.ഐ വിശ്വാസത്താൽ നടക്കുന്ന ഒരു ശുശ്രൂഷയാണ്.ദൈവാത്മാവ് പ്രേരണ തരുന്നവർ സഹകരിച്ചാലും

**(Simon Payyanur-09825169406).**


**Edited, Printed, Published & Owned by Simon Payyanur,**
**Plot.No.147,Sector.7, Gandhidham Ph:226951.**
**Printed at Pavanam Offset, Gandhidham. 225125**
**Type Set & Lay Out EBENEZER GRAPHICS. Gandhidham224763.**

VOL.23. **Happy Voice - സന്തോഷ ധ്വനി** 2011 NO.10.

**പത്രാധിപർ എഴുതുന്നു:-**



# നാം സുവിശേഷത്തിന്റെ ശത്രുക്കളോ?

സഭയുണ്ടായ കാലം മുതൽ സഭയ്ക്ക് ഉപദ്രവം ഉണ്ട്. സഭ ഭൂമിയിൽ നിന്നും മാററപ്പെടുന്നതുവരെയും അത് തുടരുകയും ചെയ്യും. ദൈവവചനം അതാണ് നമ്മെ പഠിപ്പിക്കുന്നതും നാം അനുഭവങ്ങളിലൂടെ കണ്ടുവരുന്നതും. ''ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല'' ഇത് സഭാകാന്തനായ യേശു കർത്താവ് പറഞ്ഞ കാര്യമാണ്. അതായത് സഭയ്ക്കെതിരെ സാത്താന്യ ശക്തികൾ ഉയരും; പക്ഷേ സഭയെ ജയിക്കാൻ സാധിക്കയില്ലായെന്നു ചുരുക്കം. കാരണം, സഭയുടെ തലവനായ നമ്മുടെ യേശു കർത്താവ് കാൽവറി ക്രൂശിൽ വെച്ച് ശത്രുവിൻമേൽ ജയോത്സവം കൊണ്ടാടിയവനാണ്. അവനാണ് സഭയുടെ തല. ആ തലയുള്ളിടത്തോളം വിജയം ദൈവജനത്തിനു തന്നെ. ആ വിശ്വാസം നമുക്കേവർക്കും ഉണ്ടാകട്ടെ.

ഈ നാളുകളിൽ സുവിശേഷപ്രവർത്തനങ്ങൾക്കുനേരെ അവിടവിടങ്ങളിൽ ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങളെ പർവ്വതീകരിച്ച് കാണിക്കുന്നത് ഒരു ശൈലിയായി മാറിയിരിക്കയാണ്. നാം വിശ്വസിക്കുന്ന വിശ്വാസ പ്രമാണങ്ങളെ മററുള്ളവരോട് പറയുമ്പോൾ സ്വാഭാവികമായും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുകയും അതിലൂടെ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യാം. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളെ പ്രാർത്ഥനയ്ക്കായി ദൈവജനത്തെ അറിയിക്കുന്നതിൽ തെററില്ല. എന്നാൽ അത്തര കാര്യങ്ങളെ സാമ്പത്തിക നേട്ടത്തിനും മററുമായി ഉപയോഗിക്കുന്ന പ്രവണത ദൈവവചനത്തിനു വിപരീതമാണ്. മാത്രമല്ല, നമ്മുടെ ദേശത്തിൽ സുവിശേഷത്തിനു സ്വാതന്ത്ര്യമില്ലായെന്ന നിലയിലുള്ള പ്രചാരം നടത്തി മററു രാജ്യങ്ങളിലുള്ളവരെ അറിയിക്കുന്നത് തികച്ചും അപലപനീയവും നമ്മുടെ ദേശത്തെ അപമാനിക്കുന്നതിനും തുല്യമാണ്.

യേശു കർത്താവിനും അപ്പോസ്തലൻമാർക്കും നിരവധി ക്രിസ്തു ഭക്തൻമാർക്കും ഉപദ്രവം ഉണ്ടായിട്ടുണ്ട്. അതിന്റെ ഒരു ശതമാനംപോലും നാം ഇന്നു നേരിടുന്നില്ല. ഉപദ്രവങ്ങളെ നേരിടുവാൻ നമുക്കു മനസ്സില്ലെങ്കിൽ നാം പ്രവർത്തിക്കാതിരിക്കയാണ് അഭികാമ്യം. സുവിശേഷ പ്രവർത്തനങ്ങളിൽ കൂടെ ലോക മനുഷ്യരിൽ നിന്നും നമുക്കു നേരിടുന്ന ഉപദ്രവങ്ങൾ ദൈവത്തിന്റെ ഒരു അംഗീകാരമായി നാം കാണണം. ഓരോ ഉപദ്രവങ്ങളും ഓരോ പൊൻ കിരീടമായി നാം കൊണ്ടുനടക്കണം. അങ്ങനെയുള്ള ഒരു കാഴ്ചപ്പാട് നമുക്കുണ്ടാകട്ടെ.

ഇത്രയും എഴുതിയത് നമ്മുടെയിടയിലെ ചില വർഗ്ഗീയ വാദികളുടെയും സുവിശേഷവിരോധികളുടെയും കാര്യം പറയുവാൻ വേണ്ടിയാണ്.

➲2



ബ്രദറൺ സഭയിലെ പല പ്രവർത്തനങ്ങളുടെയും ശത്രു ലോകപ്രകാരമുള്ള വർഗ്ഗീയ സംഘടനകൾ അല്ല. പ്രത്യുത ബ്രദറൺ സഭയിലെ ജഡീകരായ ചില വിശ്വാസികളാണ്. അതിൽ ചില സുവിശേഷകൻമാരും, മൂപ്പൻമാരും, റിട്ടയാർഡ് സാറൻമാരും, ചില സംഘടനാ കമ്മററിക്കാരുമുണ്ട്. ഈ അടുത്ത സമയങ്ങളിലായി ഗൾഫ് അമേരിക്കയിൽ നിന്നുമുള്ള ചില മൂപ്പൻമാരും വിശ്വാസികളും പങ്കുചേരുവാൻ തുടങ്ങിയിട്ടുണ്ട്.

ഈ ലേഖകന്റെ അനുഭവം തന്നെ പറയാം. കഴിഞ്ഞ 25 വർഷമായി ഇവിടുത്തെ പ്രവർത്തനങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ബ്രദറൺ സഭയിലെ മേൽപ്പറഞ്ഞ ചില കോക്കസുകളാണ്. ഇതിൽ കൺവെൻഷൻ പ്രസംഗകർവരെയുണ്ടെന്ന് പറഞ്ഞാൽ അതിശയിക്കേണ്ട. ഓരോ വർഷവും 16-ദൈവദാസൻമാരാണ് ബൈബിൾസ്ക്കൂളിൽ വചനം പഠിപ്പിക്കുവാനായി ഇവിടെ കടന്നു വരുന്നത്. നാളിതുവരെയായി ഈ പ്രദേശത്തെ ഒരു വർഗ്ഗീയ സംഘടനകളും അവരുടെ വ്യക്താക്കളും ഈ ദൈവദാസൻമാർക്ക് ഫോൺ ചെയ്യുകയോ കടന്നു വരാൻ പാടില്ലായെന്നു പറയുകയോ ചെയ്തിട്ടില്ല. മാസികയിൽ ലേഖനം എഴുതുന്നവരെ വിലക്കിയിട്ടില്ല, മററ് പ്രത്യേക ശുശ്രൂഷയ്ക്ക് വരുന്നവരെ തടഞ്ഞിട്ടില്ല. പക്ഷേ ബ്രദറൺ സഭയിലെ ആത്മിയത തൊട്ടുതീണ്ടിയിട്ടില്ലാത്ത ചില സ്വദേശ വിദേശ മൂപ്പൻമാരും, കമ്മററിക്കാരും, സുവിശേഷകൻമാരും അന്തിക്രിസ്തുവിന്റെ പണി നടത്തിക്കൊണ്ടിരിക്കയാണ്. അവർ ആരൊക്കെയാണെന്നും വ്യക്തമായി ഞങ്ങൾക്കറിയാം. ദൈവം നല്ല ബുദ്ധി അവർക്കു കൊടുക്കട്ടെ. ഇത് വായിക്കുന്ന നിങ്ങൾ ചിലപ്പോൾ ഈ പാരപണി ശുശ്രൂഷ ചെയ്തതായിരിക്കാം. ഒരു നിമിഷം ചിന്തിക്കുക.

നമ്മുടെയിടയിൽ നടക്കുന്ന കാര്യങ്ങൾ മുഖം നോക്കാതെ തുറന്ന് എഴുതുന്നുവെന്ന ഒററ കാരണത്താലാണ് ഈ പാരപണി എനിക്കെതിരെ ഇവർ നടത്തുന്നത്. ഏഴാം കല്പന ലംഘനം,സോദോമ്യ പാപം, ഉപദേശ പിശകുള്ളവരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുക.. ഇത്യാദികാര്യങ്ങൾ ചെയ്യുന്നവരും ചെയ്തവരുമായവരുടെ തോളിൽ കൈയിട്ട് സ്റ്റേജ് പങ്കിടുവാൻ മേൽപ്പറഞ്ഞ മാന്യൻമാർക്ക് ഒരു ലജ്ജയുമില്ല. അവരെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഈ കോക്കസ് ക്യൂ നില്ക്കുകയാണ്. ലജ്ജയായതിൽ മാനം തോന്നുന്നവർ. ഇവരെ ഓർത്ത് സഹതപിക്കയല്ലാതെ എന്തുചെയ്യാൻ.

നമ്മുടെ ശത്രുക്കൾ, വർഗ്ഗീയ വാദികളായി മുദ്രകുത്തുന്ന ലോക മനുഷ്യരല്ല. പിന്നെയോ നമ്മുടെ സമൂഹത്തിലെ ഒരു കൂട്ടം വ്യക്തികൾതന്നെ. അതിനാൽ ഇങ്ങനെയുള്ളവരാൽ നേരിടുന്ന ഉപദ്രവങ്ങളെ ദൈവജനത്തെ അറിയിക്കുവാൻ നാം തയ്യാറാകണം. ദൈവീക പ്രവർത്തനങ്ങൾ ദൈവം നടത്തും. ആത്മിയരായവർ ഇത്തരത്തിലുള്ള അനാത്മിയരുടെ വാക്കുകളെ പുച്ഛിച്ചു തള്ളും. സംശയമില്ല. നാം സുവിശേഷത്തിന്റെ ശത്രുക്കളാകരുത്. സുവിശേഷത്തിന്റെ വ്യക്താക്കളായിരിക്കണം. അങ്ങനെയുള്ള ഒരു ആത്മിയ നിലവാരത്തിലേക്കു നമുക്കുയരാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

**(SP)**

# നിത്യജീവങ്കലേക്കു വിളവു കൂട്ടുക

V.M.John-Chethackal

യേശു എപ്പോഴും കൊയ്ത്തു കാലത്തെപ്പററി ബോധമുള്ളവനായിരുന്നു; അവസരങ്ങൾ കൈയടക്കുന്നതിനും എപ്പോഴും തയ്യാറായിരുന്നു. കൊയ്ത്തിനു ഫലം തയ്യാറായിരിക്കുന്നതിനെപ്പററിയും,കൊയ്യുന്നതിനായി വയലിൽ പ്രവർത്തിക്കുന്നതിനു കൊയ്ത്തുകാരെ ആവശ്യമുള്ളതിനെപ്പററിയും, യേശു തന്റെ ഇഹലോക ശുശ്രൂഷയിൽ കൂടെക്കൂടെ സൂചിപ്പിക്കുമായിരുന്നു. അവനായിരുന്നു മുഖ്യ കൊയ്ത്തുകാരൻ. തന്റെ കൂടെ വയലുകളിൽ കൊയ്ത്തിനു ചേരുന്നതിന് അവൻ മററു കൊയ്ത്തുകാരെ ക്ഷണിക്കുകയാണ്. നാം അവന്റെ മാതൃക പിന്തുടരുന്നതിനായി മുഖ്യ കൊയ്ത്തുകാരന്റെ ഉദാഹരണം നമുക്കു പരിഗണിക്കാം. നാം കററകൾ ചുമന്ന് ആർത്തുകൊണ്ട് വരുന്ന ദിവസം നമുക്കു അവന്റെ സന്തോഷം പങ്കുവെയ്ക്കുവാൻ കഴിയും. സങ്കീ 125:6-ൽ വിത്തു ചുമന്നു കരഞ്ഞും വിതച്ചും കൊണ്ട് നടക്കുന്നു;കററ ചുമന്നു ആർത്തുംകൊണ്ട് വരുന്നു എന്നു വായിക്കുന്നു.(യോഹ 4:31-36 വരെ ശ്രദ്ധിച്ചാൽ യേശു അവരോട് എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികയ്ക്കുന്നത്തന്നെ എന്റെ ആഹാരം. ഇനിയും നാലു ദിവസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ.നിങ്ങൾ തലപൊക്കിനോക്കിയാൽ നിലങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്ക് വിളവു കൂട്ടിവെയ്ക്കുന്നു എന്നു പറഞ്ഞു.

യേശു ശമര്യയിൽ കൂടെ കടന്നുപോകേണ്ടിവന്നുവെന്നു യോഹന്നാൻ 4:4-ൽ നാം വായിക്കുന്നു.ഒരു ആതമാവിനെ രക്ഷപ്പെടുത്തേണ്ടതുകൊണ്ടാണ് ഗുരു അതുവഴിപോയത്. ഒരു ആത്മാവിന്റെ ഫലമായി ഒരു വലിയ കൊയ്ത്തും ഫലശേഖരണവും നടത്താനിടയായി.6-ാമത്തെ വാക്യം അവൻ ക്ഷീണിച്ചിട്ട് ഒരു ഉറവിന്നരികെ ഇരുന്നു അപ്പോൾ ശമര്യക്കാരത്തി സ്ത്രീ വെള്ളംകോരുന്ന തിനായി വന്നതും യേശു അവളുമായി സംസാരിക്കുന്നതും ശമര്യയിൽ ആത്മാക്ക ളുടെ ഒരു വലിയ കൊയ്ത്തിലേക്ക് ആ വലിയ സംഭാഷണം നയിക്കുവാൻ ഇട യായി എന്നു വായിക്കുന്നു. എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തിതികയ്ക്കുന്നത് തന്നെ എന്റെ ആഹാരം എന്ന് ഭക്ഷണവുമായി വന്ന ശിഷ്യൻമാരോട് യേശു പറഞ്ഞു. പ്രകൃത്യാ ലഭിക്കുന്ന ഭക്ഷണം,വിശ്രമം, ജീവിത ത്തിലെ സുഖസൗകര്യങ്ങൾ ഇവയെക്കാൾ എല്ലാം വളരെയേറെ ആഗ്രഹിക്കത്തക്കതു ആത്മാക്കളെ നേടുക എന്ന സുവിശേഷീകരണത്തിന്റെ ഭക്ഷണമാ ണെന്ന് ശമര്യയിലെ സംഭവത്തിൽ കൂടെ ഗുരു നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് സുവി ശേഷകരെ,വിശ്വാസികളെ ഗുരുവിന്റെ ഭക്ഷണമായിരിക്കട്ടെ നമ്മുടെയും ഭക്ഷണം.

➲4



യേശു സഞ്ചരിച്ചിരുന്ന ചുററുപാടുകളിൽ ഉണ്ടാകുന്ന സമ്മർദ്ദംചെലുത്തുന്ന വെല്ലുവിളികളെപ്പററി യേശു എപ്പോഴും ബോധവാനായിരുന്നു. ഇനിയും നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ. തലപൊക്കിനോക്കിയാൽ നിങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണാമെന്ന് യേശു പറഞ്ഞത് വിതയ്ക്കുന്നതിനും കൊയ്യുന്നതിനും ഓരോ സമയം ഉണ്ടെന്ന മുന്നറിയിപ്പാണ് നൽകുന്നത്. വിത്തു വിതയ്ക്കുന്നതുമുതൽ നാലു മാസം മതിയാകും വിളവിന്റെ കൊയ്ത്തിന്. എന്നാൽ ആത്മാവിന്റെ ഫലശേഖരണം അങ്ങനെ അല്ലായിരുന്നു. കൊയ്യുന്നതും വിതയ്ക്കുന്നതും ഒരേ സമയത്തായിരുന്നുവെന്നാണ് കാണുന്നത്. ശമര്യക്കാരത്തിയുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ട ഉടനെ ഫലശേഖരണത്തിനുള്ള കൊയ്ത്തിനു സമയമായി കഴിഞ്ഞിരുന്നു. നമ്മുടെ കണ്ണുകളെ ഉയർത്തി ശമര്യപട്ടണത്തിൽ നിന്നുവരുന്ന ആത്മാക്കളെ കാണുക... സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു.(വാ.39).ഒരു പാപി രക്ഷിക്കപ്പെട്ടും ഒരു രക്ഷിക്കപ്പെട്ട ആത്മാവ് സാക്ഷ്യം നൽകി. വലിയ പുരുഷാരം കർത്താവിനെ തേടിവന്നു. പിതാവിന്റെ ഇഷ്ടം പൂർണ്ണമായി അനുസരിക്കുന്ന മാതൃക ഇതാണ്. അപ്പോസ്തല പ്രവൃത്തികൾ 8-ൽ സുവിശേഷകനായ ഫിലിപ്പോസ് ശമര്യയിലെ കൊയ്ത്ത് തുടരുന്നതായി കാണാം. ഗുരു വിത്തു വിതയ്ക്കയും ഫലം കൊയ്യുകയും ചെയ്ത സ്ഥാനത്ത് ഇപ്പോൾ ഫിലിപ്പോസ് അതിലും വലിയ ഫലശേഖരംനടത്തുകയാണ്. ഫീലിപ്പോസ് ചെയ്ത അടയാളങ്ങളെ പുരുഷാരങ്ങൾ കേൾക്കയും കാണുകയും ചെയ്കയാൽ അവൻ പറയുന്നത് ഏക മനസ്സോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.-- അങ്ങനെ ആ പട്ടണത്തിൽ വലിയ സന്തോഷം ഉണ്ടായി.(അ.പ്ര.8:6-8). ഈ യുഗത്തിൽ വിതയും കൊയ്ത്തും ഫലശേഖരണവും പരിമിതപ്പെട്ട അവസരത്തിന്റെ സമയമാണ്. നഷ്ടപ്പെടുത്തിക്കൂടാത്ത ഒരു സമയം. പ്രിയരെ മുഖ്യ കൊയ്ത്തുകാരന്റെ സമയം നമ്മുടെ സമയമായി കാണണം.

യേശുവിന്റെ ശുശ്രൂഷയിലെ പ്രേരണ ശക്തി മനസ്സലിവായിരുന്നു. അവൻ കണ്ണുയർത്തിനോക്കിയപ്പോൾ കണ്ട വലിയ പുരുഷാരത്തെ വീക്ഷിച്ചത് വിളഞ്ഞ കൊയ്ത്തിനു തയ്യാറായിരിക്കുന്ന വയൽ എന്നപോലെയാണ്. അവരോട് അവന് മനസ്സലിവ്തോന്നി. മനസ്സലിവ് നമ്മെ പ്രവർത്തനനിരതരാക്കുന്നു.മനസ്സലിവ് സഹതാപമല്ല.നാം മററുള്ളവരോട് സഹതാപമുള്ളവരായിരിക്കാം. എന്നാൽ പരിഹാരമായി ഒന്നും ചെയ്യാറില്ല. പല സന്ദർഭങ്ങളിൽ യേശു മനസ്സലിഞ്ഞ ഉടനെതന്നെ അതിന് പ്രതിവിധിയും നൽകുന്നതായി സുവിശേഷങ്ങളിൽ കാണുന്നു. മനസ്സലിവ് നമ്മുടെ ശുശ്രൂഷയ്ക്ക് പ്രേരണ നൽകുമ്പോൾ, ആത്മാക്കളെ കർത്താവിങ്കലേക്കു കൊണ്ടുവരുന്നില്ലായെങ്കിൽ, ആളുകൾ സുവിശേഷത്തിന്റെ പൂർണ്ണതയിൽ അനുഗ്രഹീതരാകയും ചെയ്യുന്നില്ല. നം ഈ മുഖ്യ കൊയ്ത്തുകാരന്റെ മാതൃക പിൻതുടരുന്നുവെങ്കിൽ,ഗുരുവിന്റെ ഉദ്ദേശം നമ്മുടെ ഉദ്ദേശമായിരിക്കണം.(മത്താ 14:14,മർക്കൊ 1:41,6:34,ലൂക്കൊ 7:13-15).

➲6

# രണ്ടോ മൂന്നോ പേർ കൂടുന്നവരുടെ നടുവിൽ കർത്താവ് അതാണ് സഭ

DR.T.E.Easow

വേർപാടുകാരുടെ ആദ്യത്തെ നേതാക്കൻമാരിൽ ഒരാളായ ജോൺ നെൽസൺ ഡാർബി, ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിൽ നിന്നും ബിരുദം നേടിയ ശേഷം 19-ാമത്തെ വയസ്സിൽ ഇംഗ്ളണ്ടിലെ ഹൈ ചർച്ചിൽ ഒരു പട്ടക്കാരനായി നിയമിതനായി. അപ്പോഴാണ് അദ്ദേഹം അറിഞ്ഞത് രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ഒരു കൂട്ടം അയർലണ്ടിലെ ഡബ്ളിനിൽ ഉണ്ട് എന്ന്.

ഡാർബി ഉടനെ തന്റെ പട്ടത്വം വലിച്ചെറിഞ്ഞ ശേഷം തന്റെ സ്വന്തസ്ഥലമായ പ്ളിമിത്തിലെ ഹൈചർച്ചിൽ വേർപാടുകാരുടെ ഒരു കൂടിവരവ് ആരംഭിച്ചു. സുപ്രസിദ്ധ പ്രസംഗകനായ സി.എച്ച്.സ്പർജൻ പ്ളിമത്തിലെ വിശ്വാസികളുടെ കൂടിവരവിന്റെ ഭക്തിയെ പ്രകീർത്തിച്ച് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. അല്ലയോ പ്ളിമത്തിലെ വിശ്വാസികളെ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് നോക്കി നില്ക്കുന്നത് എന്ത് എന്ന്.

ഡാർബിയുടെ ചരിത്രം പഠിക്കുന്ന അവസരത്തിൽ അദ്ദേഹം ലോകമെങ്ങും സഞ്ചരിച്ച് വേർപാടുകാരുടെ സ്ഥലം സഭകൾ സ്ഥാപിച്ചു. അദ്ദേഹം ഒരു സ്ഥലത്ത് ചെന്നാൽ ആ സ്ഥലം സഭയിലെ പാവപ്പെട്ട വിശ്വാസിയുടെ വീട് ഏത് എന്നു അന്വേഷിക്കുമായിരുന്നുവത്രെ. അവിടുത്തെ ഭക്ഷണം കഴിക്കുന്നതിനും അവരോടു കൂടെ രാപാർക്കുന്നതിനും അദ്ദേഹം ഒരുക്കമുള്ളവനായിരുന്നു. ഒരിക്കൽ ഡാർബെ സ്വന്തം സ്ഥലമായ ഇംഗ്ളണ്ടിൽ നിന്നും അമേരിക്കയിലേക്ക് ഒരു കപ്പലിൽ യാത്ര ചെയ്യുകയാണ്. അപ്പോൾ ഒരു കൊച്ചു കുട്ടി മാതാവിന്റെ മടിയിൽ കിടന്നു കരയുന്ന കാഴ്ച അദ്ദേഹം ശ്രദ്ധിച്ചു. കുട്ടിയെ എടുത്ത് തന്റെ മാർവ്വോടണച്ച് അദ്ദേഹം സഹായിച്ചു എന്നു പറയപ്പെടുന്നു.

രണ്ടോ മൂന്നോ വിശ്വാസികൾ എവിടെ കൂടുന്നുവോ അതാണ് സഭ എന്ന ഡാർബി സാധാരണ പറയുമായിരുന്നു. സമുദായ ബന്ധങ്ങളെ വിട്ടു. വേർപ്പെടുവിൻ എന്ന കാഹളം ലോകം മുഴുവൻ അദ്ദേഹം മുഴക്കി. ലോകത്തിന്റെ അഞ്ചു വൻകരകളിൽ സ്ഥലം സഭകൾ അദ്ദേഹം സ്ഥാപിച്ചു. ഇന്ന് പലരും പ്രാധാന്യം കൊടുക്കുന്നത് കെട്ടിടങ്ങൾക്കാണ്. ഇത്ത് ഓഡിറേറാറിയങ്ങൾ സർവ്വ സാധാരാണമായിരിക്കയാണ്. ഇന്ന് കൂടിവരുന്നവർ വേർപ്പെട്ടവരോ.

നമ്മുടെ കർത്താവ് യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ ശമര്യക്കാരത്തി സ്ത്രീയോട് ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്. ഈ മലയിലും അല്ല, യരുശലേമിലും അല്ല, സത്യ നമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്നു. ഇവിടെ കർത്താവ് സംസാരിക്കുന്ന ഒരു സത്യം നമ്മുടെ കൂടിവരവിൽ സ്ഥലത്തിനല്ല പ്രാധാന്യം പിന്നെയോ കൂടിവരുന്ന വ്യക്തികൾ കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കണം എന്നുള്ളതാണ്.



നമ്മുടെ കർത്താവ് പറഞ്ഞു ഞാൻ തന്നെ വഴിയും സത്യം ആകുന്നു. നാം സത്യത്തെ അന്വേഷിച്ച് അങ്ങും ഇങ്ങും ഓടേണ്ട ആവശ്യമില്ല. കർത്താവിന്റെ സന്നിധിയിലേക്ക് വരിക, കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുക. അവർക്ക് എവിടെ കൂടുന്നതിനും സ്വാതന്ത്ര്യം ഉണ്ട്

രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും അവരുടെ നടുവിൽ ഞാൻ ഉണ്ട് എന്ന് കർത്താവ് പറയുന്നു. നാം കൂടി വരുന്ന ഏതു സ്ഥലത്തും കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ട് എന്നുള്ളത് നാം മറക്കുവാൻ പാടില്ല.എന്റെ ഓർമ്മയ്ക്കായിട്ട് ഇതു ചെയ്യുവിൻ എന്നു കർത്താവ് പറഞ്ഞു. നാം അപ്പവീഞ്ഞിനെ പങ്കുകൊള്ളുന്ന അവസരത്തിൽ നമ്മുടെ ഓർമ്മ കർത്താവിനെകുറിച്ചത്രെ.

ജെ.എൻ.ഡാർബി സ്ഥാപിച്ചത് സ്ഥലം സഭകൾ അത്രെ. സ്ഥലം സഭകൾക്ക് അദ്ദേഹം പ്രാധാന്യം കൊടുത്തു. ഇന്നും സഭകൾ പ്രാധാന്യം കൊടുക്കേണ്ടത് ഒരു കേന്ദ്രത്തിനല്ല. സ്ഥലം സഭകൾക്കത്രെ. വെളിപ്പാട് പുസ്തകത്തിൽ ഏഴുസ്ഥലങ്ങളിലുള്ള സഭകളെക്കുറിച്ച് നാം വായിക്കുന്നു. അത് ഏഴ്സ്ഥലങ്ങളിലുള്ള സ്വതന്ത്ര സഭകൾ ആയിരുന്നു. അവയെ കൂട്ടിചേർത്ത് ഒരു കേന്ദ്രം ഉണ്ടായിരുന്നില്ല. പൗലോസ് തന്റെ മൂന്നു മിഷനറിയാത്രയിൽ സ്ഥാപിച്ചത് ഒരു കേന്ദ്രഭരണവ്യവസ്ഥിതിയല്ല. മറിച്ച് സ്ഥലം സഭാ സ്വാതന്ത്ര്യം അത്രെ. രണ്ടോ മൂന്നോപേർ കർത്താവിന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ട്.

### നിത്യജീവങ്കലേക്കു വിളവു കൂട്ടുക... തുടർച്ച.

--കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെയ്ക്കുന്നു എന്നു യേശു പറഞ്ഞു(യോഹ 4:36).വിശ്വസ്ത സേവനത്തിനു ഒരു പ്രതിഫലം ഉണ്ട്. യോഗ്യനായ വേലക്കാരന് ഒരു കിരീടമുണ്ട്. അപ്പോസ്തലനായ പൗലോസ് ഇങ്ങനെ എഴുതി. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയോ കിരീടമോ പ്രശംസയോ ആരാകുന്നു. നിങ്ങളും അല്ലയോ ഞങ്ങളുടെ മഹത്വവും സന്തോഷവും നിങ്ങൾതന്നെ(1 തെസ്സ 2:19,20). കററകൾ ശേഖരിച്ചു ഫലശേഖരണം പൂർത്തിയാകുമ്പോൾ ദൈവസന്നിധിയിൽ വളരെ സന്തോഷമായിരിക്കുമുള്ളത്. കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് കടന്നുചെല്ലുമ്പോൾ നാം നിത്യജീവങ്കലേക്കു ഫലം ശേഖരിക്കയാണ്. ക്രിസ്തുവിന്റെ കാൽചുവടുകളെ നമുക്കു പിന്തുടരാം. ഈ സുവിശേഷീകരണ പ്രക്രിയയിൽ വ്യാപൃതരായി കർത്താവു വരുന്നതിനും ഈ യുഗം തീരുന്നതിനും മുമ്പായി നമുക്കു ഫലം ശേഖരിച്ചുളകാണ്ട് വരാം. ഭാവിയിൽ ഒരു പ്രതിഫലം ഉണ്ടെന്നു മാത്രമല്ല, എങ്ങനെയായാലും ഇപ്പോഴത്തെ പ്രതിഫലവും ഉണ്ട്. ഫലം കൊയ്യുന്നവൻ നിത്യജീവങ്കലേക്ക് ഫലം ശേഖരിക്കയാണ്.

**അനീതിക്കെതിരെ ശബ്ദമുയർത്തുക.**

# ദൈവ സഭ

## അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

**C.H.Mackintosh** (തുടർച്ച)

പരിഭാഷ-P.D.Chacko-Kurumathur

**എ**ല്ലാകാര്യങ്ങളെയും അംഗീകരിച്ചുകൊണ്ടും എല്ലാവരെയും അനുകൂലിച്ചുകൊണ്ടും പോകുവാൻ തയ്യാറാകുന്നത് വിശാല മനസ്ഥിതി ആണെന്നു തോന്നിയേക്കാം. "എല്ലാവരുടെയും ഇഷ്ടത്തിനു വഴങ്ങിക്കൊടുക്കയും ആരുടെയും മനസാക്ഷി ഉണർന്നു പ്രവർത്തിക്കാതിരിക്കയും ചെയ്യുന്ന" ഒരു കൂട്ടത്തിലായിരിക്കുന്നത് എത്രയും എളുപ്പവും എത്രയും സന്തോഷകരവുമാണെന്നു തോന്നിയേക്കാം. അങ്ങനെയുള്ള സ്ഥലത്ത് നമുക്കു ഇഷ്ടമുള്ള ഉപദേശം പിൻതുടരാം, നമുക്കു ഇഷ്ടമുള്ളതു പറയാം, നമുക്കു ഇഷ്ടമുള്ളതു ചെയ്യാം, നമുക്കു തോന്നുന്നേടത്തൊക്കെ പോകാം. ഇതെല്ലാം വളരെ ആനന്ദപ്രദമായി തോന്നിയേക്കാം- വളരെ ശരിയാണെന്നും, പലരും ഇങ്ങനെയൊക്കെ ചെയ്യുന്നതാണെന്നും, വളരെ സൗകര്യപ്രദമാണെന്നുമൊക്കെ തോന്നാം. എന്നാൽ അയ്യോ ഒടുവിൽ വളരെ ശുഷ്ക്കവും കയ്പേറിയതുമായ അനുഭവങ്ങളിൽ കൊണ്ടെത്തിക്കും. മാത്രമല്ല,കർത്താവിന്റെ മുമ്പിൽ അവന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കുമ്പോൾ അതെല്ലാം മരവും പുല്ലും വൈക്കോലുമെന്ന നിലയിൽ,നിലനില്ക്കാൻ കഴിയാതെ തീർച്ചയായും വെന്തുപോകും.

നമുക്കു തിരുവെഴുത്തിൽ നാം ചിന്തിച്ചുകൊണ്ടിരുന്ന തെളിവുകളുടെ അടസ്ഥാനത്തിൽ മുമ്പോട്ടുപോകാം. അപ്പോസ്തല പ്രവൃത്തികളിൽ,കുറേകൂടി ശരിയായി പറഞ്ഞാൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളിൽ സഭയുടെ ഔപചാരികമായ ആരംഭം നമുക്കു കാണാം. ഒന്നോ രണ്ടോ വേദഭാഗം നോക്കിയാൽ മതിയാകും. "അവർ ഒരുമെനപ്പെട്ടു ദിനംപ്രതി ദേവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഭക്ഷണം കഴിക്കയും ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു"( അ.പ്ര.2:46-47). അപ്പോസ്തലൻമാരുടെ നാളുകളിൽ അവർ ചെയ്തിരുന്നത് ഇത്രയും ലളിതമായ രീതിയിലായിരുന്നു. ഒരു വ്യക്തി മാനസാന്തരപ്പെടുമ്പോൾ തന്നെ അവൻ സഭയുടെ ഭാഗമായി തീരുമായിരുന്നു:അതിൽ യാതൊരു വിഷമപ്രശ്നവുമില്ലായിരുന്നു,വിഭാഗങ്ങളോ ഗ്രൂപ്പുകളോ ഉണ്ടായിരുന്നില്ല, ഓരോരുത്തരും ചേർന്ന് ഒരു സഭയായി, ഒരേ ലക്ഷ്യമുള്ളവരായി, ഒരേ താത്പര്യമുള്ളവരായി പരിഗണിക്കപ്പെട്ടു. ഒരേ ഒരു കാര്യം മാത്രമെ അവിടെ പ്രത്യേകമായിട്ടുണ്ടായിരുന്നുള്ളൂ. അതു ദൈവത്തിന്റെ സഭയായിരുന്നു.

➲8



അതിൽ അവൻ വസിക്കയും വർത്തിക്കുകയും ഭരണം നടത്തുകയും ചെയ്തു. അതു മനുഷ്യന്റെ ആഗ്രഹങ്ങൾക്കോ തീരുമാനങ്ങൾക്കോ മനസ്സാക്ഷിക്കോ അനുസൃതമായി രൂപപ്പെടുത്തിയ ഒരു വ്യവസ്ഥാപിത സംഘമായിരുന്നില്ല. മനുഷ്യൻ അന്നുവരെ സഭാ സ്ഥാപനം എന്ന ഏർപ്പാടു തുടങ്ങിയിരുന്നില്ല. അതു ദൈവത്തിന്റെ വേലയായിരുന്നു. നഷ്ടപ്പെട്ടുപോയവരെ രക്ഷിക്കുക എന്നതുപോലെതന്നെ രക്ഷിക്കപ്പെട്ടവരെ ഒരേ ആത്മാവിനാൽ ഒരേ ശരീരമായി ഏകീഭവിപ്പിക്കുക എന്നതും ദൈവത്തിന്റെ മാത്രം അവകാശാധികാര പരിധികളിൽപെടുന്നതാണ്.

ഒരു പ്രാദേശിക സഭയുടെ അംഗമായിത്തീരുക എന്ന ആശയം തിരുവെഴുത്തിലില്ല. ഓരോ സത്യവിശ്വാസിയും ദൈവസഭയുടെ അംഗമാണ്. ദൈവസഭ ക്രിസ്തുവിന്റെ ശരീരവും, അതിനാൽ ശരിയായി പറഞ്ഞാൽ, അവനു മറ്റെന്തെങ്കിലും ഒന്നിന്റെ ഒരംഗമാകുവാൻ സാധ്യമല്ല; എന്റെ കൈക്ക് മറ്റൊരു ശരീരത്തിന്റെ അംഗമാകാൻ കഴിയാത്തതുപോലെതന്നെ.

വിശ്വാസികൾക്കു കൂടിവരുവാൻ കഴിയുന്ന ഒരേ ഒരു സത്യമായ അടസ്ഥാനത്തെക്കുറിച്ച് ഒരു വിലയേറിയ പ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുണ്ട്. "ശരീരം ഒന്ന് ആത്മാവ് ഒന്ന്"(എഫെ 4:4). "അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു"(1 കൊ 10:7) എന്ന പ്രസ്താവനയിലും ഇതു കാണാം. "ഒരു ശരീരം മാത്രം" എന്നു ദൈവവും മറ്റെന്തെല്ലാം അടിസ്ഥാനങ്ങൾ കൂടിവരവിനായി സ്വീകരിച്ചാലും അത് അവന്റെ ഇഷ്ടത്തിനു വിരുദ്ധമാണ്.

ഇനിയും, ഒരു പ്രത്യേക സ്ഥലത്തുള്ള നിശ്ചിത എണ്ണം വിശ്വാസികളെ മുഴുവനും ചേർത്ത് "ക്രിസ്തുവിന്റെ ശരീരം" അല്ലെങ്കിൽ "ദൈവസഭ" എന്നു പറയുവാൻ കഴിയുകിയില്ല എന്നതു സത്യമാണ്. അതേ സമയം അവർ ആ ഒരു ശരീരവും ഒരു സഭയും എന്ന അടിസ്ഥാനത്തിൽ കൂടിവരേണ്ടതാണ്, മറ്റൊരു അടിസ്ഥാനവും അവർ കൈക്കൊള്ളുവാൻ പാടില്ല. ഈ വചന സത്യത്തിലേക്ക്( അല്ലെങ്കിൽ വചന പ്രമാണത്തിലേക്ക്) ഞങ്ങൾ വായനക്കാരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എല്ലാകാലത്തും എല്ലാ സ്ഥലത്തും എല്ലാ സാഹചര്യങ്ങളിലും ഈ പ്രമാണം ബാധകമാണ്. ജീർണ്ണത സംഭവിച്ച നാമധേയ സഭ ഇതു പാലിക്കുന്നില്ല. പെന്തക്കോസ്തു നാൾമുതൽ ദൈവസഭയുടെ പ്രമാണം അതായിരുന്നു; ഈ സമയം വരെയും അങ്ങനെതന്നെ; സഭ അവളുടെ ശിരസും കർത്താവുമായവനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടുന്നതുവരെയും അങ്ങനെയായിരിക്കും, "ഒരു ശരീരം" എല്ലാവിശ്വാസികളും ആ ശരീരത്തോടു ചേർന്നിരിക്കുന്നു; ആ അടിസ്ഥാനത്തിലാണ് അവർ കൂടിവരുന്നത്,മറ്റൊരു അടിസ്ഥാനത്തിലല്ല. (തുടരും)

**സഭകളിലെ അനീതികൾക്കെതിരെ പ്രതികരിക്കുന്നവരെ വിമർശകർ എന്നു മുദ്രകുത്തി അവരെ വിമർശിക്കുന്നവർ പരീശഭക്തൻമാരുടെ സന്തതികളിൽപ്പെട്ടവരാണ്.**

# പുനരുത്ഥാന ശരീരങ്ങൾ എങ്ങനെ?

**P.P.Varghese-Punalur**

**പു**നരുത്ഥാനം രൂപാന്തരം എന്നൊക്കെ പറയുമ്പോൾ വിശ്വാസികളുടെ ഇടയിലും അഭിപ്രായ വ്യത്യാസങ്ങളും,സംശയങ്ങളും ബാക്കിയായിരിക്കുന്നു. പുറമെ കാണുന്നില്ലെങ്കിലും ഉള്ളിന്റെയുള്ളിൽ അണയാത്ത തീപ്പൊരി. ഇതിന് കാരണം അനേകായിരം വർഷങ്ങൾകൊണ്ട് മരണത്താൽ മാററപ്പെട്ട് മണ്ണോടു ചേർന്ന വിശുദ്ധൻമാരുടെ ശരീരങ്ങൾ എങ്ങനെ ഉയിർക്കും. അനേകം വിശുദ്ധ ൻമാർ സാധാരണ നിലയിൽ മരിച്ചവരല്ലല്ലോ. അനേക ക്രിസ്തു ഭക്തൻമാരെ നീചവും,പൈശാചികവും ക്രൂരവുമായ വിധത്തിൽ കൊലപ്പെടുത്തി കർത്താവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവരാണല്ലോ. ശരിയായ ശവസംസ്ക്കാരംപോലും ലഭിക്കാതെ എരിയുന്ന തീയിലും,തിളയ്ക്കു എണ്ണയിലും, കാട്ടിലെ ക്രൂര മൃഗങ്ങൾക്കും,ആകാശത്തിലെ പറവകൾക്കും,വലിയ വെള്ളച്ചാട്ടങ്ങളുടെ ആഴിയിലേക്കും ഉമിത്തീയിലും മററും നിർത്തി നീററിക്കൊന്നവരും ജീവനോടെ ഗ്യാസ് അറകളിൽ ഇട്ട് കൊന്നവരും അങ്ങനെ കർത്താവിനുവേണ്ടി രക്ത സാക്ഷിത്വം വരിച്ച മരിച്ചവരുടെ സംഖ്യ നീണ്ടു നീണ്ടു പോകയാണ്. അതുതന്നെയുമല്ല സാധാരണ രീതിയിൽ മരിച്ചവർ പലവിധത്തിൽ, പല നിലകളിൽ, പല പ്രയാസങ്ങളിൽ,പല രോഗങ്ങളിൽ, വാഹാനാപകടങ്ങളിൽ,യുദ്ധകെടുതികളിൽ,പ്രകൃതി ക്ഷോഭങ്ങളിൽ,അംഗവൈകല്യങ്ങളാൽ ഇങ്ങനെ മരിച്ചവരുടെ നിര നീണ്ടുപോകുന്നു. ശവസംസ്ക്കാര ശുശ്രൂഷ ലഭിക്കാതെ മാററപ്പെട്ടവർ അനേകം ലക്ഷം. ഇന്ന് സെമിത്തേരിയിൽ കാണുന്നതുപോലെ തല പടിഞ്ഞാറ്വരത്തക്കവണ്ണം യാതൊരു ക്രമീകരണവുമില്ലാതെ പോയവർ ജാതികളുടെ വിശ്വാസത്തിൽ നിന്നും സമുദായക്കാർ കടം വാങ്ങി, സമുദായക്കാരിൽ നിന്നും വിശ്വാസികൾ കടംവാങ്ങി,അങ്ങനെ കിഴക്കോട്ട് തിരിഞ്ഞു നിന്നുള്ള പ്രാർത്ഥനയും പടിഞ്ഞാറോട്ട് തലതിരിച്ചുവെച്ചുള്ള അടക്കവും കടന്നു കൂടി. ഈ ലേഖകന്റെ പട്ടാള സർവ്വീസിൽ ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തിപ്രദേശമായ ടിബററ്,ചൈന അതിർത്തിയിലെ മലയോര ഗ്രാമപ്രദേശങ്ങളായ ലേ, ലഡാക്ക്, തവാംഗ്.. മുതലായ അനേക സ്ഥലങ്ങളിൽ ആദിത്യഭഗവാന്റെ ക്ഷേത്രങ്ങൾ കാണുകയും അവിടെയൊക്കെയും ഐശ്വര്യത്തിനും ആയുരാരോഗ്യത്തിനുമായി വൃതങ്ങൾ അനുഷ്ഠിച്ച് ആദിത്യഭഗവാന്റെ ജൻമ ദിനമായി കരുതപ്പെടുന്ന ഡിസംബർ 25 വളരെ ആഘോഷത്തോടു കൂടെ കൊണ്ടാടുന്നത് ഈ ലേഖകൻ കണ്ടിട്ടുണ്ട്. അങ്ങനെ സൂര്യദേവന്റെ ജൻമദിനമായി കരുതപ്പെടുന്ന ഡിസംബർ 25 ക്രിസ്തുമസ്സായി കടന്നു വന്നതുപോലെ സൂര്യദേവനെ പ്രാർത്ഥിക്കുന്ന ജാതീകരീതി പ്രഭാതകുളികഴിഞ്ഞ് പാത്രങ്ങളിലോ, കൈകുമ്പിളുകളിലോ

➲10



വെള്ളമെടുത്ത് സൂര്യനെ നോക്കി ഒഴിച്ചുകൊണ്ടുള്ള പ്രാർത്ഥന നാമധേയ ക്രൈസ്തവരിലും വിശ്വാസികളിലും കടന്നു കൂടി. ഒരിക്കൽ ഈ വിഭാഗത്തിൽപ്പെട്ട ഒരു സ്നേഹിതനോട് ഇതേപ്പററി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ താത്പര്യപ്പെടുന്നു. കിഴക്കോട്ട് തിരിഞ്ഞു പ്രാർത്ഥിക്കുന്നതിന്റെ ഉദ്ദേശം എന്തെന്നാൽ കർത്താവിന്റെ മടങ്ങി വരവ് തന്റെ പാദം ഒലിവ് മലയിൽ ചവിട്ടും. എപ്പോൾ കർത്താവ് വരുമെന്നറിയുന്നില്ല. ഒലിവ് മല കിഴക്കായതിനാൽ വിശ്വാസികൾ കിഴക്കോട്ട് നോക്കി പ്രാർത്ഥിക്കുന്നുവെന്നു പറഞ്ഞു. ഉടനെ ഞാൻ അദ്ദേഹത്തോടു ചോദിച്ചു അപ്പോൾ ഒലിവ് മലയ്ക്ക് കിഴക്കു ദേശത്തുള്ളവർ എങ്ങോട്ട് തിരിഞ്ഞു നില്ക്കണമെന്ന്. അതിനദ്ദേഹം ഉത്തരം പറഞ്ഞില്ല. അതുപോലെ തന്നെ മരിച്ചവരുടെ തല പടിഞ്ഞാറോട്ട് വെച്ചാൽ കർത്താവ് ഒലിവ് മലയിൽ വന്നാലുടൻ കർത്താവിനെ കാണുവാൻ ഒക്കുന്ന വിധത്തിൽ കിടത്തുന്നുവെന്നു പറഞ്ഞു. അപ്പോൾ ഒലിവ് മലയ്ക്ക് കിഴക്കുള്ളവരെ കിഴക്കോട്ട് തലവെച്ചല്ലോ കിടത്തേണ്ടത്. അതു തന്നെയുമല്ല ഞാൻ അദ്ദേഹത്തോട് പറഞ്ഞു. സ്നേഹിതാ ഒലിവു മലയിൽ കർത്താവിന്റെ പാദം ചവിട്ടുന്നത് ക്രിസ്തു മദ്ധ്യാകാശത്തിൽ വന്ന് തന്റെ ജനത്തെ ചേർത്തതിനുശേഷം തന്റെ ഒന്നാം വരവിന്റെ രണ്ടാം ഘട്ടമായ ഏഴു വർഷം കഴിഞ്ഞുള്ള വരവിലാണ് ഒലിവു മലയിൽ പാദം ചവിട്ടുന്നത്. അന്നു വിശുദ്ധൻമാർ ആരും ശവക്കുഴികളിൽ കാണുകയില്ല. കാരണം അവരൊക്കെയും ഏഴു വർഷം മുമ്പ് മദ്ധ്യാകാശത്തിൽ കാഹളം ധ്വനിച്ചപ്പോൾ ഉയിർത്തതാണല്ലോ അതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെമേൽ രണ്ടാം മരണത്തിനു അധികാരമില്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ടു വാഴും.(വെളി 20:6). ആയതുകൊണ്ട് പ്രിയ സ്നേഹിതാ രണ്ടാം പുനുരുത്ഥാനത്തിനുവേണ്ടി ഒലിവുമല നോക്കി കിടക്കാതെ ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവനായി തീരുവാൻ ഇന്നുതന്നെ രക്ഷ പ്രാപിച്ചു ദൈവപൈതലായിതീരൂ.വചനം പറയുന്നു; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.(യോഹ 11:26).(തുടരും)

*ബ്രദറൺ സഭ വിട്ടുപോയ ബ്രദർ.തിമൊഥി-ഗാന്ധിധാം, സാമ്പത്തിക സഹായം ലക്ഷ്യമാക്കി പല സ്ഥലം സഭകൾക്കും വ്യക്തികൾക്കും "പ്രവർത്തന വാർത്തകൾ" അയക്കുന്നതായി പലരും വിളിച്ചു പറയുകയുണ്ടായി. കച്ച് ജില്ലയിൽ രണ്ട് ബ്രദറൺ സഭ മാത്രമാണുള്ളത്. ഗാന്ധിദാമും, സാമ ഖ്യാലിയും (ബ്രദർ. വി.പി.മാത്യു ഇവിടെ പ്രവർത്തിക്കുന്നു. ദൈവജനം വഞ്ചിതരാകരുത്. മാത്രമല്ല, ഇപ്പോഴത്തെ തെലുങ്ക്ബ്രദറൺ എന്ന ബോർഡ് വെച്ച് കൂടിവരുന്ന സഭ 2011 ഫെബ്രുവരി 8-ന് പെന്തക്കോസ്ത് പാസ്റ്റർമാരാൽ ആരംഭിച്ചതാണ്. ദൈവജനം ജാഗ്രതൈ.* **(SP)**

# സാക്ഷി

**Jessy Benson**


സാക്ഷ്യം പറയുന്നവവനാണല്ലോ സാക്ഷി. ന്യായവിസ്താര സഭകളിൽ ഒഴിച്ചു കൂടാനാവാത്ത സ്ഥാനമാണ് സാക്ഷിക്കുള്ളത്. ന്യായാധിപൻ വിധി കല്പക്കുമ്പോൾ സാക്ഷിമൊഴികൾക്കു അതിൽ നിർണ്ണായകമായ ഒരു പങ്കുണ്ട്. യഹോവയായ ദൈവത്തിന്റെ ന്യായവിസ്താര സഭയിലും ഇപ്രകാരം സാക്ഷികളുണ്ട്. “തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിനു അവൻ മേലിൽ നിന്നു ആകാശത്തെയും ഭൂമിയെയും വിളിയ്ക്കുന്നു”(സങ്കീ 50:4) എന്നു പറഞ്ഞിരിക്കുന്നത് സാക്ഷികളായിരിക്കുവാനാണെന്നു തിരുവചനം സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുണ്ട്...”ഞാൻ ഈ വചനങ്ങൾ അവരെ പറഞ്ഞു കേൾപ്പിച്ച് അവരുടെ നേരെ ആകാശത്തെയും ഭൂമിയെയും സാക്ഷിവെയ്ക്കും” എന്നു മോശയും പറയുന്നു(ആവ 31:28).

മററു പല സാക്ഷികളെക്കുറിച്ചും തിരുവചനത്തിലുടനീളം നാം കാണുന്നുണ്ട്. യോശുവ ദൈവത്തിന്റെ ദൂത് ജനത്തെ അറിയിച്ചശേഷം അത് ന്യായപ്രമാണ പുസതകത്തിൽ എഴുതുകയും ഒരു കൈയെഴുത്ത് നാട്ടി അതിനെ സാക്ഷിയാക്കിവെക്കുകയും ചെയ്തു. “ഇതാ ഈ കല്ല് നമുക്ക് സാക്ഷിയായിരിക്കട്ടെ. അത് യഹോവ നമ്മോടു കല്പിച്ചിട്ടുള്ള വചനങ്ങളൊക്കെയും കേട്ടിരിക്കുന്നു”. എന്നു പറഞ്ഞുകൊണ്ടാണ് കല്ലിനെ സാക്ഷിയാക്കിയത്(യോശു 24:27). കല്ല് സാക്ഷ്യം പറയുമോ എന്നു നാം സംശയിക്കാനിടയില്ലാത്തവിധം ഹബക്കൂക്ക് പ്രവാചകനും അതിനെ പിന്താങ്ങുന്നു. “ചുവരിൽ നിന്നു കല്ല് നിലവിളിക്കയും മരപ്പണിയിൽ നിന്നു തുലാം ഉത്തരം പറയുകയും ചെയ്യുമല്ലോ” എന്നു പറഞ്ഞുകൊണ്ട് കല്ല് എന്ന സാക്ഷിയെയും മരം എന്ന സാക്ഷിയെയും പ്രവാചകൻ നമുക്ക് മുന്നറിയിപ്പ് തരുന്നു(2:11).

മോശയുടെ ചരിത്രത്തിലേക്കു നാം മടങ്ങിയെത്തുമ്പോൾ അവിടെ ന്യായപ്രമാണ പുസ്തകം എന്നൊരു സാക്ഷിയെ കൂടെ നാം കാണുന്നു. “ഈ ന്യായപ്രമാണപുസ്തകം നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമപെട്ടകത്തിനരികെവെപ്പിൻ അവിടെ അത് നിന്റെ നേരെ സാക്ഷിയായിരിക്കും” എന്നു മോശ ജനത്തോടു പറഞ്ഞത് അവരുടെ മത്സര സ്വഭാവ ത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുള്ളതുകൊണ്ടായിരുന്നു.(ആവ 31:26).

മേല്പറഞ്ഞ സാക്ഷികളെയൊന്നും കൂടാതെ മററൊരു സാക്ഷിയെ കൂടെ ദൈവം നേരിട്ടു പറഞ്ഞ് അവർക്ക് ഏർപ്പാടാക്കിക്കൊടുത്തു. അതായിരുന്നു അവരുടെ വായിലെ പാട്ട്. ആകയാൽ ഈ പാട്ട് എഴുതി യിസ്രായേൽ മക്കളെ പഠിപ്പിക്ക. യിസ്രായേൽ മക്കളുടെ നേരെ ഈ പാട്ട് എനിക്കു സാക്ഷിയായിരിക്കേണ്ടതിനു അത് അവർക്ക് വായ്പാഠമാക്കികൊടുക്കുക... അവർ തിന്നു തൃപ്തരായി... അന്യദൈവങ്ങളുടെ അടുക്കലേക്ക് തിരിഞ്ഞ് അവയെ സേവിക്കയും എന്റെ നിയമം ലംഘിച്ച്





# ഗാനക്വിസ്. 138



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഒക്ടോബർ 30 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. അണഞ്ഞിടും ഒടുവിൽ ഞാനവന്നരികിൽ**
**അകതാരിലാകെ എന്നാശയത്...**

**ഗാനക്വിസ് 136-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...**

**എൻമനസ്സുയരുന്നഹോ**
**നൻമയേറും വചനത്താൽ...**
**രചയിതാവ്:- കെ.വി.സൈമൺ**

1.M.V.Samuel-Tiruvalla
2.Omana Varghese-Jabalpur
3.Lilly Paulose-Secunderabad
4. Magy Simon -Peramangalam
5.Victoria George-Trichur
6.Thomas.T.George-Mylapra
7.Annamma Mathew-Pathanapuram
8.Kunjamma Benny-Pathanapuram
9.MariammaThomas-Kunnamthanam
10.ThankammaVarghese-Aranmula
11.Joly Samuel-Kochi
12.Saly Baby-Secunderabad

എന്നെ കോപിപ്പിക്കയും ചെയ്യും... അവരുടെ സന്തതിയുടെ വായിൽ നിന്നു മറന്നു പോകാത്ത ഈ പാട്ട് അവരുടെ നേരെ സാക്ഷ്യം പറയും എന്നിങ്ങനെ കാര്യകാരണ സഹിതമാണ് ദൈവം ഈ പ്രത്യേക സാക്ഷിയെക്കുറിച്ച് മോശയോട് പറഞ്ഞത്.

കുററം ചെയ്യുന്നവർക്കേ ന്യായവിധിയെയും ന്യായവിസ്താര സഭയെയും സാക്ഷിയുമൊക്കെ ഭയപ്പെടേണ്ടതുള്ളു. മററുള്ളവരുടെ മുമ്പാകെ നാം കുററമില്ലാത്തവരായിരുന്നാലും ദൈവമുമ്പാകെയും ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും നാം പാടിസ്തുതിക്കുന്ന പാട്ടുകളുടെ അടിസ്ഥാനത്തിലുംഎപ്രകാരമായിരിക്കുമെന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ലോകംവേണ്ടയെനിക്ക് ഒന്നുംവേണ്ട എന്നു പാടുകയും ലോകത്തിന്റെ മോഹവലയത്തിൽ മുഴുകി നടക്കയും ചെയ്യുമ്പോൾ വചനപ്രകാരവും നാം പാടുന്ന പാട്ടുപ്രകാരവും നാം കുററക്കാരാണ് തിരുവചനം അത് ചൂണ്ടിക്കാണിയ്ക്കും... കല്ലുകൾ അത് വിളിച്ചു പറയും...മരപ്പണികൾ തെളിവുകൾ കൊടുക്കും... ആകാശവും ഭൂമിയും സാക്ഷി നില്ക്കും. ആകയാൽ നമുക്ക് സൂക്ഷ്മതയോടിരിക്കാം.വാക്കുകളും പ്രവൃത്തികളും സൂക്ഷിക്കാം. സാക്ഷികൾ നിമിത്തം ജാഗ്രത പുലർത്താം. ദൈവം സഹായിക്കട്ടെ.

**“God may be using people who disagree with you”**

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി

**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906

**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;

**SIMON PAYYANUR**
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in

**OR**

**SIMON PAYYANUR**
**A/c .NO.10316650005**
**IFSC Code: SBIN0000373.**

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ ഒരു വർഷ കോഴ്സിന്റെ 10--ാമത്തെ ബാച്ചിന്റെ ക്ളാസ്സുകൾ അഞ്ചാം മാസത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഈ മാസം ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ രണ്ടു പേർ വചനം പഠിപ്പിക്കാനായി കടന്നുവരും. തികച്ചും വിശ്വാസത്താൽ നടക്കുന്ന ഈ ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**Gujarat Brethren Bible Institute**
**Plot.No.147,Sector.7**
**Gandhidham.370201.Kutch.Gujarat.**

# GFTI-Chennai

ഇന്ത്യയിലെ നിരവധി സുവിശേഷകൻമാർക്ക് സഹായകമായി ക്കൊണ്ടിരിക്കുന്ന ഒരു സുവിശേഷ ഫണ്ടാണ് ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജി.എഫ്.ടി.ഐ. മററ് ഫണ്ടുകളിൽ നിന്നും വ്യത്യസ്ഥമായി ഇവരുടെ പ്രവർത്തനം വളരെ സുതാര്യമാണ്. കാരണം, സഹായിച്ചവരുടെയും സഹായം പററിയവരുടെയും പൂർണ്ണ വിവരങ്ങൾ അവർ വർഷാവസാനം പ്രസീദ്ധീകരിക്കുമ്പോൾ ഓരോ സുവിശേഷകൻമാർക്കും എത്ര തുക ലഭിച്ചുവെന്നത് പ്രത്യേകം എടുത്തു കാണിക്കുന്നുമുണ്ട്. മാത്രമല്ല, പണം അയച്ചു കഴിഞ്ഞയുടനെതന്നെ എസ്.എം.എസ് വഴി സുവിശേഷകൻമാരെ വിവരം അറിയിക്കുവാനുള്ള പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. രണ്ടും ശ്ളാഘനീയമായവതന്നെ. എന്നാൽ സുവിശേഷകൻമാരെ ഗ്രേഡ് തിരിച്ചിരിക്കുന്നത് യോഗ്യമല്ലായെന്നതാണ് ഞങ്ങളുടെ അഭിപ്രായം.

ബ്രദർ.കോശി സഖറിയക്കും കമ്മററിയംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും. ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഈ പ്രവർത്തനത്തിനു ആവശ്യം. വിലാസം.

**GOSPEL FELLOWSHIP TRUST OF INDIA**
**NO.1. BETHESDA CENTRE**
**R.V,NAGAR,KODUNGAIYUR(PO),CHENNAI.18.**

(സൈമൺ പയ്യന്നൂർ)

**ദൈവത്തിന്റെ എല്ലാ ശക്തൻമാരും ദൈവവും തങ്ങളോടു കൂടെയുണ്ട് എന്നു എണ്ണിയതിനാൽ ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്ത ബലഹീനനൻമാരായിരുന്നു.**
**-ഹഡ്സൺ ടയ്ലർ**